# FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ

## HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)

**26 APRIL 2019**

**19 SHABAAN 1440 AH**

## EARTH ALERT: SAVE OUR PLANET!

## ഭൂമി ജാഗ്രതയിലായിരിക്കട്ടെ, നമ്മുടെ ഗ്രഹത്തെ രക്ഷിക്കാം

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ഭൂമി ജാഗ്രതയിലായിരിക്കട്ടെ, നമ്മുടെ ഗ്രഹത്തെ രക്ഷിക്കാം** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

ഈ ആഴ്ച ആദ്യം 2019 ഏപ്രിൽ 22ന് അന്താരാഷ്ട്ര ഭൂമാതാ ദിനം ആയി ആചരിക്കുകയുണ്ടായി. സർവ്വശക്തനായ ദൈവത്തിന്റെ അകമഴിഞ്ഞ അനുഗ്രഹത്താൽ നല്കപ്പെട്ട ഭൂമിയെയും അതിലെ വിഭവങ്ങളെയും, കുറിച്ച് അനുസ്മരിക്കുന്നതിനായി സമയം കണ്ടെത്തിയത് വീണ്ടുവിചാരത്തിന് കാരണമായി. ഭൂമി അപകടത്തിലാണ് എന്ന വസ്തുത നമ്മെ ഓർമ്മിപ്പിക്കുന്നതായി പ്രസ്തുത അനുസ്മരണം; ആയതിനാൽ നാം മനുഷ്യർ എന്ന നിലയിൽ നാം ഓരോരുത്തരുടെയും ബാധ്യതയാണ് അതിനെ സംരക്ഷിക്കുക എന്നത്. ഓരോരുത്തർക്കും അവരവരാൽ കഴിയുന്ന നിലയിൽ!

തീർച്ചയായും, ഓരോ വ്യക്തിക്കും സന്തോഷകരമായ, സമ്പൽസമൃദ്ധിപരമായ, സമാധാനപൂർണ്ണമായ ഒരു ജീവിതം ജീവിക്കുന്നതിന്, മാനവകുലത്തെ പര്യാപ്തമാക്കത്തക്ക നിലയിൽ, ദൈവം കനിഞ്ഞ് നല്കിയ ഒരു വരദാനമാണ് ഈ പ്രകൃതി. കാര്യം ഇങ്ങനെ ആണെങ്കിലും അത്യാഗ്രഹിയായ മനുഷ്യർ അഥവാ രാഷ്ട്രങ്ങൾ, എല്ലാ നിലയിലും ധനം കുന്നുകൂട്ടാനായി, വ്യർത്ഥമായ ഉപഭോഗം കൂട്ടിചേർത്തതുമൂലം, ചെലവില്ലാതെ ലഭിച്ച പ്രകൃതിവിഭവങ്ങൾ നീതിപൂർവ്വമായ നിലയിൽ ഉപയോഗിക്കുന്നതിൽ

നിന്നും തടയപ്പെടുകയും, മനുഷ്യൻ ഇന്ന് കാണപ്പെടുന്ന അവസ്ഥയിൽ അവനെ കൊണ്ടെത്തിക്കുകയും ചെയ്തിരിക്കുന്നു.

ഭാവിയെ സംബന്ധിച്ച് അവർ അനിശ്ചിതത്വത്തിലാണ്, അരക്ഷിതാവസ്ഥയിലാണ്, അസ്വസ്തതയിലുമാണ്, ഇത്തരം ഒരുദുരവസ്ഥ ഇതിന് മുൻപ് മാനവകുലം ദർശിച്ചിട്ടില്ല, വെള്ളപ്പൊക്കം, വരൾച്ച, സുനാമി, ഭൂമികുലുക്കം, കൊടുങ്കാറ്റ്, അഗ്നി, പുകപടലം അങ്ങനെ ഏതെല്ലാം രീതിയിലുള്ള മഹാവിപത്തുകൾ!

2019ഏപ്രിൽ 15 തിങ്കളാഴ്ച പാരീസിൽ ലോകത്തിലെയും, പാരീസിലെയും ഏറ്റവും വലിയ ക്രിസ്ത്യൻ പള്ളികളിലൊന്നായ **നോട്ടറി ഡാമെ ഡി പാരീസ്** അഗ്നിയാൽ കത്തിനശിച്ചു. ഫ്രാൻസും, ക്രീസ്ത്യൻ ലോകം പൊതുവിലും, അവരുടെ ഏറ്റവും വലിയ അടയാളങ്ങളിലൊന്ന് നശിച്ചൊടുങ്ങുന്നതിന്, അവർ സാക്ഷ്യം വഹിക്കുകയുണ്ടായി.

അതുമാത്രമൊ, നോക്കൂ, അതികഠിനമായ ചൂട്, അതികഠിനാമായ തണുപ്പ് ! ലോകത്തിന്റെ മുക്കിലും, മൂലയിലും ഇതു സംഭവിച്ചു കൊണ്ടിരിക്കുന്നു. വിചിത്രമായ കാലാവസ്ഥ വ്യതിയാനങ്ങൾ, അപ്രതീക്ഷിതമായി ഓരോ സ്ഥലങ്ങളിലും, സംഭവിച്ചു കൊണ്ടിരിക്കുന്നു, ഓരോരുത്തരെയും ഇവ അത്ഭുതപ്പെടുത്തിക്കൊണ്ടിരിക്കുന്നു. മുൻപ് ഇത്തരം നാശനഷ്ടങ്ങൾ, വിപത്തുകൾ സംഭവിച്ചിട്ടേയില്ല, ഇതു സംബന്ധമായി പഠനം നടത്തിയ അനേകം വിദഗ്ദരും പറയുന്നത്, ഇത്തരം വ്യതിയാനങ്ങൾ അതായത് കാലാവസ്ഥയിലെ ഇത്തരം വ്യതിയാനങ്ങൾ, മനുഷ്യകരങ്ങൾ കൊണ്ടുണ്ടാക്കിയതാണ് എന്നും, നമ്മുടെ ഭൂമിയെ സംരക്ഷിക്കുന്ന ഓസോൺ പാളിയെ നശിപ്പിച്ചതാണിതിന്റെ കാരണം എന്നും പഠനങ്ങൾ വ്യക്തമാക്കുന്നു. (പ്രാണവായുവിന്റെ രൂപാന്തരത്തിനാണ് ഓസോൺ എന്ന് പറയുന്നത്) അത് ആഗോളതാപനത്തിന് കാരണമാവുകയും അതേ തുടർന്ന് അനേകം വിപത്തുകൾ ഒന്നിനു പുറമേ മറ്റൊന്നായി ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. മനുഷ്യർ അതിന് പ്രകൃതി ദുരന്തങ്ങൾ എന്ന് പേര്വയ്ക്കുമ്പോൾ, അതിന് ദൈവീക മുന്നറിയിപ്പുകാർ, അവർക്ക് നല്കുന്ന മുന്നറിയിപ്പ്, അവരുടെ തെറ്റായ, കുറ്റകരമായ വഴികൾ ഉപേക്ഷിക്കുവാനും, ശരിയായ ജീവിത വഴി തെരഞ്ഞെടുക്കുവാനുമാണ്.

സർവ്വശക്തനായ ദൈവം പരിശുദ്ധ ഖുർആനിൽ പറയുന്നു. മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം വെളിപ്പെട്ടിരിക്കുന്നു. തൽഫലമായി അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അല്ലാഹു അവരെ അനുഭവിപ്പിക്കുന്നു. അവർ (ദുഷ്കൃത്യങ്ങളിൽ നിന്ന്) മടങ്ങുന്നതിനു വേണ്ടി (30: 42)

കാർബണും (കരി) മറ്റു വിഷമയമായ സാധനങ്ങളും, അന്തരീക്ഷത്തിലേക്ക് അമിതമായി കടത്തിവിടുന്നതുമൂലം, വളരെ വലിയ നാശം അന്തരീക്ഷത്തിൽ സംഭവിക്കുകയാണ് എന്ന് ഓരോരുത്തർക്കും അറിവുള്ളതാണ്. ഇത് സംഭവിക്കുന്നത് അതിവേഗം വികസിക്കുന്ന വ്യവസായവത്ക്കരണത്തിലൂടെയാണ്. ധനലഭ്യതയ്ക്കുള്ള അമിതേഛയാണ് കാരണം. മാരമകമായ ഉപകരണങ്ങളുടെ ദുർവിനിയോഗം മൂലവും, ഓസോൺ പാളികളിൽ വിനാശകരമായ ക്ഷതമേല്പിക്കുകയും, തന്മൂലം ക്രമാതീതമായി ചുട് വർദ്ധനയ്ക്കും, കാരണമായി തീരുകയും ചെയ്യുന്നതാണ്. അത് മഞ്ഞുകുന്നുകൾ ഉരുകുന്നതിനും, അന്തരീക്ഷ വ്യതിയാനത്തിനും കാരണമാകുന്നു. എല്ലാവരും ഈ ശാസ്ത്രീയ സത്യം അംഗീകരിക്കുന്നവരാണ്. ഇത് സ്ഥിരമായി തുടർന്നാൽ, നമ്മുടെ ഗ്രഹം തകർന്നടിയാൻ കാലതാമസമുണ്ടാകില്ല. നമുക്ക് ഭൂമിയിൽ ജീവിക്കുവാൻ ഒരിടം ഉണ്ടാകില്ല എന്ന കാര്യത്തിൽ ബോധവാന്മാരുമാണ്, മറ്റൊരുവാക്കിൽ പറഞ്ഞാൽ നാം നേരിട്ട് ശിക്ഷാവിധിയിലേക്ക് നടന്നുനീങ്ങിക്കൊണ്ടിരിക്കുകയാണ്.

ഈ അനിഷേധ്യമായ സത്യം നമ്മെ തുറിച്ചുനോക്കുന്നുവെങ്കിലും, അനേകം അന്താരാഷ്ട്ര സമ്മേളനങ്ങൾ ദിവസംതോറും ഇതുസംബന്ധമായി സംഘടിപ്പിക്കുന്നുവെങ്കിലും, ഈ ലോകത്തിന്റെ വിധി ആരുടെ കൈകളിലാണോ, അവർ, ഉരുക്കുമുഷ്ടിയോടെ നില ഉറപ്പിച്ചിരിക്കുകയാണ്, നമ്മുടെയും അവരുടെയും ആത്മാക്കളെ രക്ഷിക്കുന്നതിനുള്ള ഒരു നടപടിയും സ്വീകരിക്കുന്നതിനുള്ള ഒരു നടപടിയും കൈകൊള്ളുന്നില്ല. അവർ അവരുടെ അധികാരവും, ആശയവും സംരക്ഷിക്കുന്നതിന് അന്ധമായ കാഴ്പ്പാടുകളാണ് പിൻതുടരുന്നത്. അതിനായി അവർ ധനസമൃദ്ധി സൃഷ്ടിക്കുന്നു. പ്രകൃതിവിഭവങ്ങൾ അവർ യാതൊരു തത്വദീക്ഷയുമില്ലാതെ ചൂഷണം ചെയ്യുകയാണ്. വരും തലമുറകളെക്കുറിച്ച് അവർക്ക് അശേഷം ചിന്തയില്ലാതെയാണ് ഈ താണ്ഡവമാടുന്നത്.

ഫോസ്സിൽ ഊർജ്ജം ക്രമാതീതമായി ഉപയോഗിക്കുവാൻ അവർക്ക് യാതൊരുമടിയുമില്ല. ലെക്കും ലഗാനുമില്ലാതെ ആയുധമത്സരം നടത്തുകയാണ്. അത്യാന്താധുനിക യുദ്ധായുധങ്ങൾകൊണ്ട് പന്താടുകയാണ്. മാരകമായ ആക്രമണോപകരണങ്ങൾ തയ്യാറാക്കപ്പെട്ടിരിക്കുന്നു. യാതൊരു മനസാക്ഷി കുത്തുമില്ലാതെ, അവർ ജനങ്ങളിലേക്ക് സ്വയം ചെല്ലുകയാണ്, **2019 ഏപ്രിൽ 21 ഞായറാഴ്ച** ഈസ്റ്റർ ദിനത്തിൽ ചെയ്തതുപോലെ, ശ്രീലങ്കയിലെ 3 ക്രിസ്റ്റൻ പള്ളികളിൽ മാരമകമായ ആക്രമണമാണ് അവർ നടത്തിയത്, 4 ആഡംബര ഹോട്ടലുകളിലും ആക്രമണം തുടരുകയുണ്ടായി. 350-ൽ പരം നിരപരാധികൾ കൊല്ലപ്പെടുകയും അനേകർ മുറിവേറ്റ് ആശുപത്രിയിലാവുകയും ചെയ്തു.

പ്രസ്തുത ചർച്ചുകളിൽ ഈസ്റ്റർ ദിനാഘോഷപരിപാടികളിൽ ജനങ്ങൾ പങ്കെടുത്തുകൊണ്ടിരിക്കുകയായിരുന്നു. കൊളംബയിലെ സെന്റ് അന്തോണി ചർച്ചിലും നെഗോംബോയിലെ സെന്റ് സെബാസ്റ്റ്യൻ ചർച്ചിലും (തലസ്ഥാനത്തിന്റെ വടക്കുഭാഗത്തുള്ള ഒരു പട്ടണമാണ് നെഗോംബ) ആക്രമണമുണ്ടായി, രാജ്യത്തിന്റെ കിഴക്കുഭാഗത്തുള്ള മൂന്നാമതൊരു ചർച്ചിലും, അക്രമണമുണ്ടായി, രാജ്യത്തിന്റെ കിഴക്കുഭാഗത്തുള്ള മൂന്നാമതൊരു ചർച്ചിലും ആക്രമണമുണ്ടായി. അനേകർ മുറിവേല്ക്കപ്പെട്ടു. കൊളംബോ ആശുപത്രിയിൽ മാത്രം 254-ൽ പരം ആളുകളെ അഡ്മിറ്റു ചെയ്തു. തലസ്ഥാനത്തിനു പുറത്തു നടന്ന രണ്ട് ആക്രമണങ്ങളിൽ അറുപതോളം ആളുകൾക്ക് പരിക്കേറ്റു. ഇതുവരെയുള്ള ഔദ്യോഗിക അറിയിപ്പ് പ്രകാരം 64പേർ കൊളംബോയിൽ മരണമടഞ്ഞു. മൂന്ന് ആഡംബര ഹോട്ടലിനെയും, ഒരു ചർച്ചിനെയും ഈ ആക്രമണം ബാധിച്ചിട്ടുണ്ട്. മരിച്ചവരിൽ 35 വിദേശികളും ഉൾപ്പെടുന്നു.

ശ്രീലങ്കൻ പ്രധാനമന്ത്രി റനിൽ വിക്രമെസിംഗെ ഈ ആക്രമണത്തെ അപലപിക്കുകയുണ്ടായി. തികച്ചും ഭീരുത്വപരമായ നടപടിയായി ഇതിനെ വിശേഷിപ്പിക്കുകയുണ്ടായി. ശ്രീലങ്കൻ ജനതയോട്, ഒറ്റകെട്ടായി നിലകൊള്ളുവാൻ ഉപദേശിക്കുകയുണ്ടായി. കുറ്റവാളികൾക്കെതിരെ കർശന നടപടി എടുക്കുന്നതാണെന്ന് ഉറപ്പു നല്കുകയും ചെയ്തു.

ഈ ആക്രമണത്തിന്റെ ഉത്തരവാദികൾ ആരാണെന്ന് നമുക്ക്

തീർത്തും അറിയില്ല. തൗഹീദ് ജമാഅത്ത് എന്ന സംഘം ആണെങ്കിൽ, ഇസ്ലാമിൽ ഇത്തരം പ്രവർത്തികൾ അങ്ങേഅറ്റം ആക്ഷേപാർഹമായ കാര്യമാണ്. അവർ ഇസ്ലാമിന് വളരെ മോശമായ ഒരു ചിത്രമാണ് നല്കിയിരിക്കുന്നത്. ഈ വിഷയം സംബന്ധമായി എന്റെ വിവിധ വെള്ളിയാഴ്ച പ്രഭാഷണങ്ങളിലൂടെ ഞാൻ സുവ്യക്തമാക്കിയിട്ടുള്ളതാണ്. ഇത്തരം പ്രവർത്തികൾ ഇസ്ലാം പ്രബോധിക്കുന്നില്ല. ഇത്തരം ആളുകൾ ഇസ്ലാമിന് വളരെ മോശം പേര് നല്കുന്നവരാണ്. ഇത്തരത്തിലുള്ള എല്ലാ ആക്രമണങ്ങളെയും ജമാഅത്തുസ്സഹീഹിൽ ഇസ്ലാം ഉറപ്പായും നിന്ദിക്കുകയാണ്, മാനവരാശിയോട് ചെയ്യുന്ന അക്ഷന്തവ്യമായ കുറ്റം തന്നെയാണിത്.

ഭവനമില്ലാത്തവർക്ക് ഭവനം നല്കുവാനും, വിശക്കുന്നവന് ആഹാരം കൊടുക്കുവാനും, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിനുമായി, ഇവരുടെ മികവുറ്റ കഴിവുകളും, സമ്പത്തുകളും, ഉപയോഗപ്പെടുത്തിയിരുന്നെങ്കിൽ,! എന്തു ചെയ്യാം ഇവർ കാര്യങ്ങൾ മനസ്സിലാക്കുന്നില്ല! ഇത്തരം നല്ല കാര്യങ്ങൾ ചെയ്യുവാൻ ഇവിടെ ആരാണുള്ളത്? സത്യത്തിൽ, വളരെ വളരെ കുറച്ചുപേർ മാത്രം!

മനുഷ്യൻ തന്റെ തന്നെ ആത്മാവിനെ, മറന്നുപോകുന്നു. മറ്റുള്ളവരുടെ ആത്മാക്കളെയും അവൻ മറന്നുപോകുന്നു. ഈ അധികാര മത്സര ഓട്ടത്തിൽ! മനുഷ്യൻ തീർച്ചയായും കാരുണ്യമുള്ളവനായിരിക്കണം. അവന്റെ സൃഷ്ടിപ്പിന്റെ അടിസ്ഥാനം തന്നെ അതാകുന്നു. സർവ്വശക്തനായ അല്ലാഹുവിനെ ആരാധിക്കുക. അവൻ എല്ലാത്തിനും കഴിവുള്ളവനും സമാനതകളില്ലാത്തവനുമാകുന്നു. അവന്റെ മേൽ ഒരുപങ്കുകാരെയും ആരാധനയിൽ ചേർക്കരുത്. മുഴുവൻ മാനവകുലത്തോടും തന്റെ വ്യക്തിത്വത്തെ ചേർത്തുനിർത്തുവാനുള്ള കഴിവോടെയാണ് അവൻ സൃഷ്ടിക്കപ്പെട്ടത്. എന്നാൽ അധികാരമത്സരത്തിൽ, ധനത്തോടുള്ള അത്യാഗ്രഹം മൂലം, ഭൗതിക നേട്ടങ്ങളുടെ കോണിപ്പടികളിലൂടെയുള്ള കയറ്റത്തിൽ, അവൻ അവന്റെ ആത്മാവിനെ സാത്താന് നിസ്സാര വിലയ്ക്ക് വിലയ്ക്കുവാൻ സമ്മതിച്ചിരിക്കുകയാണ്. പരലോകജീവിതത്തിന് പകരം അവന് ഈ ലോകം മതി! അവന്റെ സമ്പൂർണ്ണലോകം ഇഹലോകം മാത്രമാണ്! ഭൗതിക സ്വാതന്ത്ര്യത്തിനുവേണ്ടി അവന്റെ യാത്ര തുടരുകയാണ്. തന്റെ സഹമനുഷ്യരെ അവൻ ചവി

ട്ടിമെതിക്കുകയാണ്. തന്നെപോലുള്ള മനുഷ്യരാണെന്ന ബോധം അവർക്ക് നഷ്ടമായിരിക്കുന്നു. അവരിലുള്ളത്, തന്റെ ശരീരത്തിലൂടെ ഒഴുകുന്ന രക്തം പോലെ തന്നെയാണ് എന്ന കാര്യം അവൻ വിസ്മരിച്ചുപോകുന്നു. അങ്ങനെ, എല്ലാ നിലയിലും അനീതിയും, കുറ്റങ്ങളും, കുഴപ്പങ്ങളും, ചതികളും, ഈ ലോകഭൂമുഖത്തു വിളയാടി നില്ക്കുന്നു. ഭൂമി, അതിന്റെ തന്നെ നാശത്തിന്, സാക്ഷ്യം വഹിച്ചു നില്ക്കുന്നു.

ഭുമുഖത്തു അനീതിയും അധർമ്മവും അതിജയിക്കുമ്പോൾ, ദൈവീക നീതി പ്രത്യക്ഷപ്പെടുകയും, കാര്യങ്ങൾ നേരെയാക്കുകയും ചെയ്യുന്നതാണ്. വ്യക്തമായ മുന്നറിയിപ്പ് നല്കിയ ശേഷം ! മതപരമായ ചരിത്രം നമ്മെ ഇതാണ് പഠിപ്പിക്കുന്നത്. ഈ പ്രകൃതിയുടെ മേൽ മനുഷ്യന് യാതൊരു നിയന്ത്രണവുമില്ല എന്ന സത്യം അവൻ ബോധ്യപ്പെടുത്തുന്നു. തന്റെ ഇഷ്ടപ്രകാരം അവനു തോന്നതു പോലെ ദീർഘകാലം ചെയ്യുവാൻ അവൻ അനുവദിക്കില്ല. മാനവ കുലത്തോട് ഏത് രീതിയിലുള്ള അക്രമം ചെയ്താലും, അതിന് കണക്ക് ബോധിപ്പിക്കേണ്ടിവരിക തന്നെ ചെയ്യും. ദൈവത്തിൽ നിന്നുള്ള എല്ലാ പ്രകൃതി അടയാളങ്ങളും, മനുഷ്യനുള്ള മുന്നറിയിപ്പിന്റെ സന്ദേശങ്ങളാണ്. അവന്റെ പ്രവർത്തനങ്ങൾ ശരിയാക്കുവാനുള്ള താക്കീതുകളാണ്. ഏറ്റവും മോശമായത് അവനെ പിടികൂടുന്നതിന് മുൻപായി! ആഗോളതാപനത്തെ തുടർന്നുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനവും, പ്രകൃതിദുരന്തങ്ങളും ഒരു സന്ദേശം തന്നെയാണ്.

ഉണരുവാനുള്ള സമയമായിരിക്കുന്നു, സമീപനങ്ങളിൽ മാറ്റം വരുത്തുന്നതിനുള്ള സമയം അതിക്രമിച്ചിരിക്കുന്നു, മനസ്സിന്റെ രീതിക്ക് മാറ്റം ആവശ്യമായിരിക്കുന്നു, ആഗോളമായി കാര്യങ്ങൾ ചിന്തിക്കുക, മതം, വിശിഷ്യ, ഇസ്ലാം സമ്പൂർണ്ണമായ ജീവിതവഴിയാണ്, ഇസ്ലാം പ്രതിനിധാനം ചെയ്യുന്നത്, മനുഷ്യന്റെ സ്വാർത്ഥതയാലുള്ള അത്യാഗ്രഹത്തിന് മാറ്റം വരുത്തുന്നതിനും, എന്നിട്ടവരെ ഹൃദയംഗമമായി ഔദാര്യത്തിലേക്ക് വഴിമാറ്റി വിടുവാനും ഇസ്ലാമിന് അതിന്റേതായ ഉത്തരവാദിത്വങ്ങളുണ്ട്, ദൈവത്തിലുള്ള യഥാർത്ഥ വിശ്വാസവും, മാനവകുലത്തിന്റെ സംരക്ഷണവും, മനുഷ്യനിൽ ഉണ്ടായി വരേണ്ടതുതന്നെയാണ്, അതിലൂടെ മാത്രമെ പരിസ്ഥിതി സംരക്ഷണത്തിന്റെ ശക്തമായ ആവശ്യം അവൻ തിരിച്ചറിയുകയുള്ളു. സാമൂ

ഹ്യനീതിയും, തുല്യതയും നടപ്പിലാക്കുവാനും, അതിലൂടെ മാത്രമെ സാധിക്കുകയുള്ളു. സമുദായത്തെ കൂടുതലായി സംരക്ഷിക്കേണ്ടതിനായുള്ള കഠിനയത്നം തുടരുവാനും സാധിക്കുകയുള്ളു.

ശരിയായ മതവിശ്വാസത്തിനും, സമാനതകളില്ലാത്ത ദൈവത്തിലുള്ള സമർപ്പണത്തിനും മാത്രമെ ശിലാഹൃദയരായ വ്യക്തികളിൽ മാറ്റത്തിന്റെ വലിയ സ്വാധീനം കൊണ്ടുവരുവാനും അവരെ ഭാവി തലമുറകളുടെ സംരക്ഷകരായി മാറ്റുവാനും സാധിക്കുകയുള്ളു. ഇത് നമുക്ക് കാണിച്ചു തന്ന ഏറ്റവും മികച്ച മാതൃകാപുരുഷൻ, ഇസ്ലാമിന്റെ പരിശുദ്ധപ്രവാചകൻ, മുഹമ്മദ് മുസ്തഫ(സ) ആകുന്നു. മറ്റനേകം സത്യാത്മക്കളും ഈ ലോകത്തിന് അനുഗ്രഹങ്ങൾ വാരിവിതറിയിട്ടുണ്ട്, അവരും നമ്മെ സർവ്വശക്തനായ ദൈവത്തിലേക്കുള്ള വഴികാണിച്ചുതരുകയും, മാനവകുലത്തിൽ സഹോദര്യം കെട്ടിപ്പടുക്കേണ്ടതിന്റെ ആവശ്യകത നമുക്കിടയിൽ തുറന്നുവെക്കുകയും, ലോകത്തിലെ ഓരോ മനുഷ്യനും പരസ്പരം സാഹോദര്യത്താൽ ബന്ധിതമായിരിക്കണമെന്നും, ഒരാൾ മറ്റൊരാളുമായി താദാത്മ്യം പ്രാപിക്കുവാനുള്ള കഴിവ് നാം ആർജ്ജിക്കേണ്ടതാണെന്നും ഉത്ബോധിപ്പിക്കുന്നു.

ഈ യാഥാർത്ഥ്യം മാനവരാശി എന്ന് മനസ്സിലാക്കുമോ, അതായത് സർവ്വശക്തനായ ദൈവത്തിന്റെ മുൻപിൽ തന്റെ പ്രവർത്തനങ്ങളുടെ കണക്ക് ബോധപ്പിക്കേണ്ടിവരുന്നതാണ്, അപ്പോൾ, അപ്പോൾ മുതൽ, എല്ലാവിധ അധർമ്മങ്ങളും അനീതികളും അത്ഭുതകരമായി കുറയുന്നതാണ്; മുഴുപ്രപഞ്ചത്തിന്റെയും നിയന്ത്രണം ഏതൊരു സൃഷ്ടാവിലാണോ കുടികൊള്ളുന്നത്, അവൻ നമുക്ക് തീർച്ചയായും ബോധനം നല്കുന്നതാണ്, പുതുതായി കണ്ടെത്തേണ്ട പരിഹാരമാർഗങ്ങൾ, അതായത് കാലാവസ്ഥ വ്യതിയാന പരിഹാര മാർഗങ്ങളും, ആഗോളതാപന പരിഹാര മാർഗങ്ങളും, തന്റെ തെരഞ്ഞെടുക്കപ്പെട്ട പ്രവാചകന്മാർക്ക് മുൻകാലങ്ങളിൽ അത്ഭുതകരമായ അടയാളങ്ങളും ദൃഷ്ടാന്തങ്ങളും കാണിച്ചതുപോലെ, അവരെ മാർഗദർശനം നല്കിയതുപോലെ, അവരുടെ അനുചരന്മാരെ മാർഗദർശനം നല്കിയതുപോലെ, അങ്ങനെ വിശ്വാസവിജയവും മാനവരാശിയുടെ വിജയവും സംജാതമാകുന്നതാണ്.

അങ്ങനെ, ഓരോ വ്യക്തിയുടെയും ഉത്തരവാദിത്വമായി മാറി

യിരിക്കുന്നു, ഈ ലോകത്തെ സംരക്ഷിക്കുന്നതിന്, അവന്റെതായ സംഭാവന ചെയ്യുവാൻ ! അങ്ങനെ അവൻ പരസ്പരവും, ചുറ്റുപാടുകളുമായും, പ്രതികരിക്കുന്ന സത്യങ്ങളും ജന്തുക്കളും അടങ്ങുന്ന പരിതസ്ഥിതിപരമായ, സൗഹൃദപരമായ ഒരന്തീരക്ഷം പുനഃസൃഷ്ടിക്കട്ടെ! കൂടുതൽ ഉത്തരവാദിത്വബോധമുള്ളവനായി മാറട്ടെ! സമൂഹത്തോട് സഹിഷ്ണുതയുള്ളവനായി മാറട്ടെ! മതം, വിശിഷ്യാ ഇസ്ലാമിനും, മുസ്ലിമിനും ഈ കാര്യത്തിൽ വളരെയധികം സംഭാവന അർപ്പിക്കുവാൻ കഴിയുന്നതാണ്. ജീവിതത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം എന്താണെന്ന്, നൂറ്റാണ്ടുകളിലൂടെ വന്ന പ്രിയ, ദൈവീകപ്രവാചകന്മാരിലൂടെ, വെളിപാടിലൂടെ ലഭിച്ച, അവരുടെ മാർഗനിർദേശങ്ങൾ, ഒരു നല്ല ജീവിതത്തിനായി, പിന്തുടരുകുക. അത് ശാരീരികമാകട്ടെ, ധാർമ്മികമാകട്ടെ, ആത്മീയമാകട്ടെ!

നമ്മുടെ അന്തഃരംഗം സംസ്കൃതമായി കഴിഞ്ഞാൽ, നമ്മുടെ ബാഹ്യലോകവീക്ഷണം, നല്ലനിലയിൽ തിരിഞ്ഞുകൊണ്ടിരിക്കുന്നതാണ്. അപ്പോൾ നമുക്ക് ഈ ലോകത്തെ പുരോഗതിയിലേക്ക് എത്തിക്കുവാൻ സഹായിക്കത്തനിലയിലുള്ള ഒരു നല്ല അവസ്ഥയിലേക്ക് നാം മാറ്റപ്പെടുന്നതാണ്. ഭൂമിയിലെ അവസാനശ്വാസംവരെയും, സർവ്വശക്തനായ ദൈവം, നമ്മെ അവൻ, അവനിലേക്ക് മടക്കി വിളിക്കുന്നതുവരെ, പരിധിയില്ലാതെ, നാം പ്രസ്തുത പുരോഗതിയ്ക്കായി യത്നം തുടരേണ്ടതാണ്.

ഇപ്പോൾ അഭിമുഖീകരിക്കുന്ന ഗുരുതരമായ വിഷമാവസ്ഥഗ്രഹിക്കുവാൻ മനുഷ്യരാശിയെ അവൻ(ദൈവം) സഹായിക്കട്ടെ. ഈ ലോകത്തിന്റെ ഭാവി സുരക്ഷിതത്വത്തിനും ലോകമെങ്ങുമുള്ള കോടാനുകോടി ജനങ്ങളുടെ ജീവിതം ഭാസുരമാക്കുവാനും ശക്തമായ നടപടികൾ സ്വീകരിക്കുവാനും അവൻ സഹായിക്കട്ടെ, ഇൻശാ അല്ലാഹ് ആമീൻ

*Translated & Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*